**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1819** **29-07-2021 - ൽ മറുപടിയ്ക്ക്**

**സ്പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ/അർദ്ധ സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/എയ്ഡഡ് മേഖലയിലെ അധ്യാപകർ അടക്കമുള്ളവരുടെ സേവന/വേതന വ്യവസ്ഥകൾക്കായുള്ള സ്പാർക്ക് എന്ന ഓഫീസിൽ, ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ 11-ആം ശമ്പളപരിഷ്കരണവും യു.ജി.സി ജീവനക്കാരുടെ 7 –ആം ശമ്പള പരിഷ്കരണവും നിലവിൽ വന്നിട്ടുള്ള ഇപ്പോഴത്തെ സാഹചര്യത്തിൽ സ്പാർക്ക് സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മതിയായ ജീവനക്കാരുടെ താൽക്കാലികമായിട്ടുള്ള അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സർക്കാർ ജീവനക്കാരുടെ സേവന/വേതന വ്യവസ്ഥകൾ സംബന്ധിച്ച പരാതികൾ അതിവേഗം പരിഹരിക്കും വിധം ആവശ്യത്തിന് ജീവനക്കാരെ നിയോഗിക്കുന്ന കാര്യവും ഒരു കോൾ സെന്റർ മാതൃകയിൽ പ്രത്യേക ഹെൽപ്പ് ഡസ്ക് രൂപീകരിക്കുന്ന കാര്യവും പരിശോധിക്കുമോ; | (ബി) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ 11-ആം ശമ്പളപരിഷ്കരണവും യു.ജി.സി ജീവനക്കാരുടെ 7 –ആം ശമ്പള പരിഷ്കരണവും നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ സ്പാർക്ക് സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി താൽക്കാലികമായി കൂടുതൽ ജീവനക്കാരെ നിയോഗിക്കുന്ന നടപടികൾ സ്വീകരിച്ച് വരുന്നു.സ്പാർക്ക് (പി.എം.യു) കോൾ സെൻറർ മാതൃകയിൽ ഉള്ള ഹെൽപ്പ് ഡെസ്ക് ആയിട്ടാണ് പ്രവർത്തിച്ച് വരുന്നത്. |
| (സി) | ജില്ലാ തല ഓഫീസുകളിൽ കൂടുതൽ അധികാരം വികേന്ദ്രീകരിച്ച് ജില്ലാ തലത്തിൽ തന്നെ പരമാവധി പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ആറു ജില്ലാ ട്രഷറികളിൽ സ്പാർക്ക് വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്പാർക്ക് (പി.എം.യു) ഓഫീസിൽ നിന്നുള്ള മാസ്റ്റർ ട്രെയിനേഴ്സിനെ നിയോഗിച്ചിട്ടുണ്ട്. (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം ,മലപ്പുറം,കാസർഗോഡ്). ബാക്കിയുള്ള ജില്ലാ ട്രഷറികളിൽ കൂടി സ്പാർക്ക് വകുപ്പിൻറെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഹെൽപ്പ് ഡെസ്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു . |

സെക്ഷൻ ഓഫീസർ